# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 23** **February 2009** **No.11**


## എഡിറ്റോറിയൽ

മനുഷ്യനെ ഇന്നു കാർന്നുകൊണ്ടിരിക്കുന്ന ചിന്താഗതിയാണ് ലൗകികത. മനുഷ്യനു ചിന്തിക്കുവാനുള്ള കഴിവു ദൈവം നല്കിയിട്ടുണ്ട്. അതു വലിയൊരു അനുഗ്രഹമാണ്. പക്ഷെ നാം അതു ശരിയായി ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് പ്രധാനം. നമ്മുടെ ചിന്ത നേരുള്ളതോ അല്ലയോ എന്നു വിവേചിക്കുവാൻ കണ്ടെത്തുന്ന മാർഗ്ഗം ശരിയായിരിക്കണം. നമുക്കു ലഭിക്കുന്ന അറിവു അനുസരിച്ചാണ് നമ്മുടെ ചിന്ത പോകുന്നത്. ബാല്യത്തിലുള്ള ചിന്തയെ നാം ബാലിശം എന്നു പറയുന്നു. കൗമാരത്തിലും യുവത്വത്തിലും വാർദ്ധക്യത്തിലും ചിന്തയുണ്ട്. പക്ഷെ ഓരോ ഘട്ടത്തിലുമുള്ള നമ്മുടെ വിചാരം വിഭിന്നമായിരിക്കും. ഭൗതികമായ ചിന്തയും, കുടുംബപരമായ ആലോചനയും, മതപരമായ ചിന്തയും വേറെയാണ്. ഓരോരുത്തരും സ്ത്രീയായാലും പുരുഷനായാലും ജനിച്ചു വളരുന്ന പശ്ചാത്തലം വ്യത്യസ്തമാണ്. അതുകൊണ്ട് ഓരോരുത്തരുടേയും ചിന്തയും മാറ്റമുള്ളതായിരിക്കും. ഓരോരുത്തരുടേയും ചിന്തയ്ക്കും അഭിപ്രായത്തിനും വിലയുണ്ട് എന്നു നാം കരുതുന്നു. പക്ഷേ എത്ര പേർ ശരിയായി വിവേചിക്കുന്നുണ്ട് എന്നതാണ് നാം മനസ്സിലാക്കേണ്ടത്. സകല മനുഷ്യരും ഇപ്പോൾ ജഡത്തിൽ ജീവിക്കുന്നത് ലോകത്തിലാണ്. നിങ്ങളും ഞാനും ഈ ഭൂമിയിൽ ജീവിക്കുമ്പോൾ നമുക്കുള്ള ഉത്തരവാദിത്വത്തെ അറിഞ്ഞു വേണം ചിന്തിക്കുവാൻ. ലോകത്തുള്ള മനുഷ്യരെ ദൈവം സൃഷ്ടിച്ച്

ആക്കിയതാണ്. ആ ദൈവത്തിന്റെ ഉദ്ദേശം എന്തെന്നു എല്ലാവരും അറിയണം എന്നർത്ഥം. മനുഷ്യരുടെ ചിന്തയും ദൈവത്തിന്റെ ചിന്തയും രണ്ടും രണ്ടാണ്. ഉയർന്ന നിലവാരത്തിലുള്ള ചിന്തയാണ് ദൈവത്തിന്റേത്.

ദൈവം നിത്യനാണ്; ആത്മാവാണ്. അതുകൊണ്ടു അവന്റെ ചിന്ത ദൈവികവും നിത്യവുമായതാണ്. ആരംഭം മുതൽ ദൈവ മനസിലുണ്ടായിരുന്ന ചിന്ത എങ്ങനെ മനുഷ്യനെ തേജസിൽ നിലനിർത്താമെന്നാണ്. പക്ഷെ മനുഷ്യനെ ദൈവത്തിൽ നിന്നകറ്റുന്ന നിലയിൽ അവന്റെ ചിന്തയെ എങ്ങനെ മാറ്റാമെന്നു നോക്കി പ്രവർത്തിക്കുകയാണ് ദൈവത്താൽ ശപിക്കപ്പെട്ട പിശാചു. മനുഷ്യനെക്കൊണ്ട് ആദ്യം പാപം ചെയ്യിപ്പിച്ചതു പിശാചാണ്. ഇപ്പോഴും മനുഷ്യനിൽ ദുർചിന്ത കടത്തിവിടുന്നതു പിശാചാണ്. സംശയം ജനിപ്പിക്കുന്നതും സാത്താനാണ്. ലോകത്തിൽ നമ്മെ ആകർഷിക്കുന്ന ധാരാളം ഘടകങ്ങളുണ്ട്. ലോകവും ലോകത്തിലുള്ളതും അതിൽ തന്നെ തെറ്റില്ലാത്തവയാണ്. പക്ഷെ അതിർ കടന്നു ലോകത്തെയും അതിലുള്ളതിനേയും സ്നേഹിക്കുന്നതു നമ്മെ അപകടത്തിൽ വീഴ്ത്തും. ഉദാഹരണമായി ഇന്നു ലോകത്തിൽ അധികവും മനുഷ്യരുടെ ധാരണ പണമുണ്ടെങ്കിൽ എളുപ്പമായി എന്നാണ്. പക്ഷെ അതു തെറ്റാണെന്നു മനുഷ്യരുടെ അനുഭവങ്ങളിലൂടെ തെളിയിച്ചു കൊടുത്തിട്ടും മനുഷ്യന്റെ ചിന്താഗതി മാറാതിരുന്നതുകൊണ്ട് ദൈവം സാമ്പത്തിക മാന്ദ്യം വരുത്തിയിരിക്കുന്നു. ഇതു ആഗോളതലത്തിൽ നേരിട്ടിരിക്കുന്ന പ്രതിഭാസമാണ്. മനുഷ്യ ബുദ്ധിക്കതീതമായിട്ടാണ് ദൈവം പ്രവർത്തിക്കുന്നത്. ഇതിന്റെ ശരിയായ പ്രതിവിധി കണ്ടെത്തുന്നതിനു പകരം മനുഷ്യർ വേറെ വഴി കണ്ടെത്തുകയാണ്. ഒരിക്കലും അങ്ങനെ പരിഹരിക്കാവുന്നതല്ല ഈ പ്രശ്നം. ഇതു ആത്മിക ചിന്തയാലും മനോഭാവത്താലും മാറ്റിയെടുക്കണം. നമ്മുടെ ഈ ലോക ജീവിതത്തിനു പണം ആവശ്യമാണ്. പക്ഷെ അതിനു ദൈവത്തേക്കാളോ, ദൈവവിശ്വാസത്തേക്കാളോ പ്രധാന്യം കൊടുത്താൽ പരാജയം ആയിരിക്കും ഫലം.

മനുഷ്യൻ വഴി തെറ്റി പോകുന്നത് അജ്ഞത നിമിത്തമാണ്. ചോദിച്ചറിയുകയാണ് ഇതിനുള്ള പരിഹാരം. പക്ഷെ ചോദിക്കേണ്ടതു ദൈവത്തോടായിരിക്കണം. മനുഷ്യരുടെ ആലോചനയേക്കാൾ

ദൈവത്തിന്റെ ആലോചനയിൽ നാം ആശ്രയിക്കണം. ഒരു രാജാവിന്റെ മകൻ ജനങ്ങളുടെ പ്രീതി സമ്പാദിക്കുന്നതിനു വൃദ്ധന്മാരുടേയും യുവാക്കളുടേയും ആലോചന ചോദിച്ചു. പക്ഷേ അവൻ നടപ്പാക്കിയതു യുവാക്കളുടെ ഉപദേശമായിരുന്നു. ഫലമോ ജനങ്ങളുടെ വിരോധം സമ്പാദിച്ചു. നാം ദൈവത്തിന്റെ ആലോചനക്കു ദൈവവചനത്തിലേക്കു തിരിയണം. തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്ന ഉപദേശമാണ് മനുഷ്യർക്കെല്ലാം ആവശ്യം – ലൗകിക ഭ്രമം ഒഴിവാക്കുവാൻ നാം ദൈവത്തെയും അവന്റെ വചനത്തെയും അധികമായി സ്നേഹിക്കണം. ദൈവിക പരിജ്ഞാനം അനുസരിക്കുമ്പോൾ ദൈവം തന്റെ ആത്മാവിനെ നമ്മിൽ തരുന്നതു നാം കാര്യങ്ങളെ ആത്മികമായി വിവേചിക്കേണ്ടതിനാണ്. ആത്മാവില്ലാത്തവർ ആത്മികമായി വിവേചിക്കുന്നില്ല. അങ്ങനെ വിവേചിക്കുവാൻ അവർക്കു കഴിയുകയുമില്ല. അവർ ലൗകികമായി വിവേചിക്കും. അതിൽ അവർക്കു തൃപ്തി കണ്ടെത്തുവാൻ കഴിയുന്നതുമല്ല. ആത്മികതയിൽ മാത്രമേ നമുക്കു തൃപ്തി കണ്ടെത്താൻ പറ്റൂ. ധനമോ സമ്പത്തോ നമ്മിൽ വരുമ്പോൾ അവ നമ്മെ അടിമപ്പെടുത്താതെ നോക്കണം. അത്തരം ഘട്ടങ്ങളിലാണ് അഹങ്കാരം നമ്മിൽ വരുന്നത്. അപ്പോൾ നമ്മൾ ആരോ ആണെന്ന ചിന്ത പിശാചു കടത്തിവിടും. അതു നമ്മുടെ സ്വഭാവത്തെ പ്രതികൂലമായി ബാധിക്കും. ഇതു സമ്പത്തുള്ള വ്യക്തികളിലും, രാഷ്ട്രങ്ങളിലും വാസ്തവമാണ്. അതുകൊണ്ട് ദൈവം പറഞ്ഞിരിക്കുന്നതു ലോകത്തെയും അതിലുള്ളതിനെയും സ്നേഹിക്കരുത്. ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു.

നിങ്ങളുടെ ചിന്ത എങ്ങനെയിരിക്കുന്നു. നിങ്ങളുടെ ഉള്ളിലെ ആത്മാവിനെ കുറിച്ചു നിങ്ങൾക്ക് അറിയാമോ? ഇല്ലെങ്കിൽ ദൈവപരിജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്ന ബൈബിൾ വായിക്കുക. മനസ്സിലാക്കുവാൻ ബൈബിൾ ശരിയായി പഠിപ്പിക്കുന്നവരെ സമീപിക്കുക. ബൈബിൾ തെറ്റായി പഠിപ്പിക്കുന്നവർ ധാരാളമുണ്ട്. ദൈവം തന്റെ സത്യപരിജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്നതു കർത്താവിന്റെ സഭയിലാണ്. അതുകൊണ്ട് കർത്താവിന്റെ സഭയോടു ചേർക്കപ്പെടുവാൻ ക്രിസ്തുവിൽ വിശ്വസിച്ചു, പാപങ്ങളിൽ നിന്നു വിട്ടുതിരിഞ്ഞു യേശു കർത്താവെന്നു ഏറ്റു പറഞ്ഞു. പാപങ്ങളുടെ മോച

## വാർത്തകൾ

### ആണവ കരാർ: ഐഎഇഎ ധാരണാപത്ര ത്തിൽ ഇന്ത്യ തിങ്കളാഴ്ച്ച ഒപ്പിടും

രാജ്യാന്തര ആണവോർജ ഏജൻസിക്ക് (ഐഎഇഎ) ഇന്ത്യയുടെ സൈനികേതര ആണവനിലയങ്ങൾ പരിശോധിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഇന്ത്യ തിങ്കളാഴ്ച ഒപ്പിടുമെന്ന് ഐഎഇഎയിലെ ഇന്ത്യൻ അംബാസിഡർ അറിയിച്ചു.

✱

### ആ അമ്മയ്ക്ക് വേറെയും ആറു കുട്ടികൾ

കലിഫോർണിയയിൽ ഒറ്റ പ്രസവത്തിൽ എട്ടു കുട്ടികൾക്കു ജന്മം നൽകിയ അമ്മയ്ക്കു നേരത്തേതന്നെ ആറു കുട്ടികളുള്ളതായി റിപ്പോർട്ട്. അമ്മയുടെ പേരുവിവരങ്ങൾ ഇതുവരെ പുറത്തുവിട്ടിട്ടില്ലെങ്കിലും എബിസി ന്യൂസിന്റെ പ്രതിനിധിക്ക് അവരുടെ വീടു തിരിച്ചറിയാനായി. മുപ്പതുകാരിയായ അമ്മ അവരുടെ അച്ഛനമ്മമാരോടൊപ്പമാണു കഴിയുന്നത്. 14 കുട്ടികളെ വളർത്താൻ ഭാഗ്യം ലഭിച്ചതിൽ അമ്മയ്ക്കും മുത്തശ്ശിക്കും വലിയ സന്തോഷം.

✱

### മനോരമ സംഘത്തിന് മന്ത്രിയുടെ സമ്മാനം

പാലക്കാട് വാളറ ചെക്ക് പോസ്റ്റിൽ വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതു ചിത്രം സഹിതം റിപ്പോർട്ട് ചെയ്ത മലയാള മനോരമ ടീമിന് ധനമന്ത്രി തോമസ് ഐസക് 25000 രൂപ സമ്മാനം പ്രഖ്യാപിച്ചു. ചരിത്രത്തിൽ ആദ്യമായാണ് മന്ത്രി സ്വന്തം വകുപ്പിലെ അഴിമതി കണ്ടെത്തിയതിനു പത്രപ്രവർത്തകർക്കു സമ്മാനം പ്രഖ്യാപിക്കുന്നത്.

✱

## നടപ്പാതകളുടെ നവീകരണത്തിന് 30 കോടിയുടെ പദ്ധതി

നടപ്പാതകളുടെ നവീകരണത്തിനായി 30 കോടിയുടെ പദ്ധതി തയാറാക്കിയതായി മന്ത്രി മോൻസ് ജോസഫ് അറിയിച്ചു. തലസ്ഥാന നഗരിയിലെ ഓടകൾക്കു മുകളിൽ സ്ലാബിടുന്ന പ്രക്രിയ ഉടൻ പൂർത്തിയാക്കും.

✱

## കൊതുകു നശീകരണത്തിൽ പങ്കാളികളാകണം: മന്ത്രി

നഗരസഭയുടെ കൊതുകു നശീകരണ പ്രവർത്തനങ്ങളിൽ എല്ലാ നഗരവാസികളും പങ്കാളികളാകണമെന്നു മന്ത്രി പാലോളി മുഹമ്മദ് കുട്ടി അഭ്യർത്ഥിച്ചു.

നഗരത്തിൽ കൊതുകുകൾ വർധിച്ചതായി കണ്ടെത്തിയിരിക്കുന്നു. ഇതുമൂലം ഡെങ്കിപ്പനിയും പകർച്ചപ്പനിയും കൂടി വരുന്നതായി ആരോഗ്യവകുപ്പ് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാത്രം വിചാരിച്ചാൽ ശുചീകരണ പ്രവർത്തനം പൂർണമായി വിജയിപ്പിക്കാൻ കഴിയില്ല. നഗരസഭയും ആരോഗ്യവകുപ്പും നിർദ്ദേശിക്കുന്ന പ്രകാരം ഓരോ നഗരവാസിയും പ്രവർത്തിക്കണം.

✱

## ഇന്ത്യയുടെ 'പാൽക്കാരന്' നന്ദികേടിന്റെ നോട്ടീസ്

ക്ഷീരകർഷകരുടെ കൂട്ടായ്മയിലൂടെ ലോകത്ത് ഏറ്റവും വലിയ പാൽ ഉൽപാദക രാജ്യമെന്ന സ്ഥാനം ഇന്ത്യയ്ക്കു നേടിക്കൊടുത്ത ധവളവിപ്ലവത്തിന്റെ ഉപജ്ഞാതാവായ ഡോ. വർഗീസ് കുര്യനോട് (87) കൃതഘ്നത. അദ്ദേഹത്തിന് അനുവദിച്ചു കൊടുത്തിരുന്ന കാറും പാചകക്കാരനെയും സുരക്ഷാ ഗാർഡിനെയും പിൻവലിക്കാൻ ഗുജറാത്ത് സഹകരണ റജി

